പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5092 — 30.06.2014 ൽ മറുപടിക്ക്

## പൊതുജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന കേസുകളുടെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവുംവിജിലൻസുംവകുപ്പുമന്ത്രി |
| (എ) ഖജനാവിന് നഷ്ടമുണ്ട ാകാത്തതും എന്നാൽ പൊതുജനങ്ങളുടെ സ്വത്തിനും ജീവനും മറ്റും ഭീഷണിയു ണ്ട ായിട്ടുള്ളതുമായ കേസുക ളിൽമേൽ കാര്യമായ അന്വേഷണം ആവശ്യമില്ല എന്നതിൻമേലുള്ള ഈസർക്കാരിന്റെ നയം വ്യക്തമാ ക്കാമോ; | (എ) ഇത്തരത്തിൽ തീരുമാനം പോലീസ് സ്വീകരിച്ചിട്ടില്ല. എല്ലാ കേസുകളിലും നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി അന്വേഷണം നടത്തി കുറ്റക്കാർക്ക് ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഖജനാവിന് നഷ്ടമുണ്ടായിട്ടില്ല എന്നകാരണം ചൂണ്ടിക്കാട്ടി പൊതു ജനങ്ങൾക്ക് വ്യാപകമായ പണനഷ്ടം സംഭവിച്ചിട്ടുള്ള എത്രകേസ്സുകളിന്മേൽ ഉന്നതതല പോലീസ് അന്വേഷണം ആവശ്യമി ല്ലായെന്ന് തീരുമാനിച്ചിട്ടുണ്ട് എന്ന തിന്റെ വിശദാംശം അറിയിക്കാമോ; | (ബി) എല്ലാ കേസുകളിലും നിയമവ്യവസ്ഥകൾക്ക് അനുസൃതമായി പോലീസ് അന്വേഷണം നടത്തിവരുന്നുണ്ട്. |
| (സി) ഖജനാവിന് നഷ്ടമില്ലാതെയിരുന്നിട്ടും പൊതുജനങ്ങളുടെ സ്ഥാവര/ ജംഗമസ്വത്തുക്കളുടെ നഷ്ടം പരിഗ ണിച്ച് ഓപ്പറേഷൻകുബേര നടപ്പാ ക്കിയ സാഹചര്യം സംബന്ധിച്ച് വിശ ദാംശം നൽകാമോ; | (സി) അനധികൃതമായി അമിത പലിശക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും ഭീഷണിയിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തുവകകളും മുദ്രപത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടുവാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെയാണ് 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ റെയ്ഡുകൾ സംസ്ഥാനത്തൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നത്. |

(ഡി) എങ്കിൽ വ്യാപകമായി പൊതുജന ങ്ങൾക്ക് ധനനഷ്ടം ഉ ണ്ട ായിട്ടുള്ള സോളാർതട്ടിപ്പ് കേസ്സിന്റെ കാര്യ ത്തിലും ഉന്നതതല പ്രത്യേക അന്വേ ഷണം നടത്തുന്നതിന് തയ്യാറാകുമോ?

(ഡി) സോളാർ തട്ടിപ്പ് കേസുകൾ കേരള പോലീസിന്റെ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ റാങ്കിലുള്ള ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് അന്വേഷണം നടത്തിയത്.

സെക്ഷൻ ഓഫീസർ